കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് –2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.10 /1642/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി: 13.10.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),

തില്ലങ്കേരി ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | തില്ലങ്കേരി ഗ്രാമപഞ്ചായത്ത് 2016-17-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്. |

***************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത്രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-1, 3-1 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ് –പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത്രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.10 /1642/2017 തീയ്യതി 13.10.2017

തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റ 2016-17 സാമ്പത്തിക വർഷത്തെ
വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

ആമുഖം

(*1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.*)*

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഗ്രാമ പഞ്ചായത്ത് 08.11.2016 മുതൽ 20.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 21 എണ്ണം നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 21.08.2017 മുതൽ 30.08.2017 വരെ |

(ബി) ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശശീന്ദ്രൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് |

| | |
|---|---|
| | ഓഫീസർ |
| ശ്രീ,ദിലീപ്കുമാർ.കെ.എൻ. | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.സുഭാഷ്.പി.പി. | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.വി.അശോകൻ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീ.കെ.പി.സുധീർ | 01.06.2016 മുതൽ 04.01.2017വരെ |
| | ശ്രീ.സാജു ജോസഫ് | 05.01.2017മുതൽ 31.03.2017 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീ.മനോഹരൻ മാണിക്കോത്ത് | 01.04.2016.മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.സതീഷ് കുമാർ.ഡി | 01.04.2016.മുതൽ 24.11.2016 വരെ |
| | ശ്രീമതി പൊന്നു.ബി | 25.11.2016.മുതൽ 12.03.2017 വരെ |
| | ശ്രീ.റഫീസ്.പി | 13.03.2016.മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനീഷ് രാജൻ | 01.04.2016 മുതൽ |

| | | |
|---|---|---|
| | | 22.09.2016 വരെ |
| | ഡോ.ആഷ.കെ.പി | 23.09.2016 മുതൽ 14.02.2017 വരെ |
| | ഡോ.ശരത്ത്.ടി.എസ് | 15.02.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച.സി) | ഡോ.സഫർ ഇക്ബാൽ.പി.പി | 01.04.2016.മുതൽ 13.07.2016 വരെ |
| | ഡോ.അഭയ കുര്യൻ | 14.07.2016.മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.ഷാജീവൻ | 01.04.2016.മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.പി.സുധീർ | 01.04.2016.മുതൽ 09.01.2017 വരെ |
| | ശ്രീ.ശ്യാമ പ്രസാദ്.എസ്.എസ് | 10.01.2017 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.റീജ | 01.04.2016.മുതൽ 30.04.2016 വരെ |
| | ശ്രീമതി.ഗീത.കെ. | 01.05.2016 മുതൽ 30.09.2016 വരെ |

| | | |
|---|---|---|
| | ശ്രീ.സോണി.പി.ജെ | 01.10.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | ഡോ.റുബീന.എ.വി | 01.04.2016.മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.രാജീവൻ.പി.കെ | 01.04.2016.മുതൽ 12.06.2016 വരെ |
| | ശ്രീ.രവീന്ദ്രൻ.കെ.വി | 13.06.2016.മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | ഗ്രാമ സഭ. | 1-7 |
| 8 | ദുരിതാശ്വാസ നിധി | 1-8 |
| 9 | മോണിറ്ററിംഗ് | 1-9 |
| 10 | തനത് വരുമാനം | 1-10 |
| 11 | ക്ഷേമപദ്ധതികൾ | 1-11 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-13 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 |
| 15 | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല | 1-15 |
| | ഭാഗം 2<br>വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | വസ്തു നികുതി പരിഷ്കരണം- നടപ്പിൽ വരുത്തിയതിലെ അപാകങ്ങൾ | 2-1 |
| 17 | വസ്തുനികുതി വാർഷിക ധനകാര്യപത്രികയും - സഞ്ചയപ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല | 2-2 |
| 18 | ഡി & ഓ ലൈസൻസ് അപാകങ്ങൾ | 2-3 |
| 19 | ലൈവ് സ്റ്റോക്ക് ഫാം ചട്ടങ്ങൾ ബാധകമാണോ എന്ന് പരിശോധിച്ചില്ല | 2-4 |

| | | |
|---|---|---|
| | ഭാഗം 3<br>ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | ഫണ്ട് വിനിയോഗത്തിൽ വീഴ്ച -പാഴായ പദ്ധതിപ്പണം 76.65ലക്ഷം രൂപ | 3-1 |
| 21 | പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗാർഹിക വൈദ്യുതി കുടിശ്ശിക ഒട്ടക്കൽ -കോളനി നിവാസികളുടെസാമ്പത്തിക ഉന്നമനത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതാണ്. | 3-2 |
| 22 | ഒ.ഡി.എഫ് സ്കീമിൽ കക്കൂസ് നിർമ്മിക്കുന്നതിന് അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് പ്രവൃത്തി പൂർത്തിയാക്കിയത് സംബന്ധിച്ച് വിവരം ലഭ്യമാക്കിയില്ല - ചെലവ് തുക ₹ 5,000 തടസ്സത്തിൽ വെക്കുന്നു. | 3-3 |
| 23 | പട്ടിക വർഗ്ഗകോളനികളിലെ വീടുകൾ അഭിവൃദ്ധിപ്പെടുത്തൽ സർക്കാർ മാർഗ്ഗനിർദ്ദേശ<br>പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ചെലവ് തുക ₹ 75000 തടസ്സത്തിൽവെക്കുന്നു. | 3-4 |
| 24 | ഇ. എം. എസ് ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്തിയാകാത്ത ഗുണഭോക്താകളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന്<br>നടപടികൾസ്വീകരിക്കേണ്ടതാണ്. | 3-5 |

| | | |
|---|---|---|
| | | |
| 25 | ആനുകൂല്യം ബാങ്ക് അക്കൌണ്ടുവഴി നൽകൽ- തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലെത്തിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 3-6 |
| 26 | ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വളർത്ത് നായകൾകൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-7 |
| 27 | സാന്ത്വന പരിചരണം- സർക്കാർ നിർദ്ദേശപ്രകാരമുള്ള ഹോം വിസിറ്റ് ദിനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ് | 3-8 |
| 28 | തെരുവ് വിളക്കുകൾ സ്ഥാപിച്ച വിവരം ലഭ്യമല്ല - 191250/-രൂപ തടസ്സപ്പെടുത്തുന്നു. | 3-9 |
| 29 | പ്രൊജക്ട് തയ്യാറാക്കാതെ ചെലവ് നടത്തിയത് സംബന്ധിച്ച് | 3-10 |
| 30 | പൊതുടാപ്പുകളുടെ പരിപാലനം കാര്യക്ഷമമല്ല- വർഷങ്ങളായി സംയുക്തപരിശോധന നടത്താതെ വെള്ളക്കരം ഒടുക്കിവരുന്നു. | 3-11 |
| 31 | തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമല്ല-കൃത്യമായ കണക്കില്ലാതെ തുക ഒടുക്കി വരുന്നു. | 3-12 |
| 32 | വർഷങ്ങളായി ചെലവഴിക്കാത്തതുക വിനിയോഗിക്കുന്നതിന് നടപടിസ്വീകരിക്കേണ്ടതാണ് | 3-13 |

| | | |
|---|---|---|
| 33 | തലച്ചങ്ങാട് അങ്കൺവാടി കെട്ടിട നിർമ്മാണം എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-14 |
| 34 | പ്രവൃത്തി സമയപരിധികകം പൂർത്തിയാകാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ് | 3-15 |
| 35 | സോളിംഗ് മാത്രം ചെയ്ത റോഡ് പ്രവൃത്തിയിൽ തുട വർഷങ്ങളിലും താറിംഗ് ഉൾപ്പെടുത്തിയില്ല | 3-16 |
| | ഭാഗം4<br>പൊതുവിവരങ്ങളുംഓഡിറ്റ് പ്രത്യവലോകനവും | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 45 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - |
| 46 | അനുബന്ധം 2 ഇൻകം ആന്റ് എക്സ്പ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് | - |
| 47 | അനുബന്ധം 3 റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | - |
| 48 | അനുബന്ധം 4 ബാലൻസ് ഷീറ്റ് | - |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

02.03.2016 തീയ്യതിയിലെ 56/16നം.തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു. 21.03.2017 ലെ 1/17 നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| ഇനം | ഒറിജിനൽ | റിവൈസ്ഡ് | യഥാർത്ഥ തുക |
|---|---|---|---|
| മുന്നിരിപ്പ് | 632000.00 | 2956034.80 | 2956034.30 |
| വരവ് | 35786227.00 | 65516179.00 | 23970371.00 |
| ആകെ | 36418227.00 | 68472213.80 | 26926405.30 |
| ചെലവ് | 36044227.00 | 66815632.00 | 22484674.00 |
| നീക്കിയിരിപ്പ് | 374000.00 | 1656581.80 | 4441731.30 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.07.2017 | 14.06.2017 | തിരിച്ചയച്ചിട്ടില്ല. | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|
| 2016-17 | 29.08.2017 മുതൽ 30.08.2017 വരെ | വിശേഷണങ്ങളോട് കൂടിയത് | |

1. ബി 11 പത്രികയിൽ കാണിച്ച ആസ്തിമൂല്യത്തിന്റെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല.

2. വസ്തു നികുതി സഞ്ചയ പ്രകാരമുള്ള കണക്കും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല.

3. വാർഷിക ധനകാര്യ പത്രിക B18 ൽ ഇംപ്രസ്ഡ് തുക കാണിച്ചിട്ടില്ല

4. ജീവനക്കാരുടെ ലീവ് സറണ്ടർ തുകയുടെ വിവരങ്ങൽ RP 11 പത്രികയിൽ കാണിച്ചിട്ടില്ല

5.RP 36 പ്രകാരമുള്ള അഡ്വാൻസ് തുകയും അഡ്വാൻസ് രജിസ്റ്റർ പ്രകാരരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

6 ആക്കൌണ്ടിന്മേലുള്ള കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടില്ല.

7 സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

8 വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
| --- | --- |
| മുന്നിരിപ്പ് | 2956034.30 |
| വരവ് * | 23970371.00 |
| ആകെ | 26926405.30 |
| ചെലവ് * | 22484674.00 |
| നീക്കിയിരിപ്പ് | 4441731.30 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് | മുൻബാക്കി | തൻവർഷ വരഷത്തെ അലോട്ട് മെന്റ്. * | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
| --- | --- | --- | --- | --- | --- | --- |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6619918 | 6619918 | 6617492 | 2426 | 99.96 |
| വികസനഫണ്ട് എസ്.സി.പി. | 0 | 427842 | 427842 | 167800 | 260042 | 39.22 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1105995 | 1105995 | 852479 | 253516 | 77.08 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3369633 | 3369633 | 1059990 | 2309643 | 31.46 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2551449 | 2551449 | 1435831 | 1115618 | 56.28 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3712094 | 3712094 | 1792294 | 1919800 | 48.28 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1944183 | 1944183 | 139471 | 1804712 | 7.17 |
| എൻ.ആർ.ഇ.ജി.എസ്. (-) | 678 | 18042130 | 18042808 | 18042263 | 545 | 99.99 |
| ബി ഫണ്ട് xx | 0 | 24468405 | 24468405 | 24468405 | 24468405 | 100 |

* എ.സി.ആർ.പ്രകാരം

xx ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

( -) ചെക്ക് ഇഷ്യൂ റജിസ്റ്റർ പ്രകാരം

## 1-6 പദ്ധതി അലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 103 | 32023795 | 65 | 12758355 | 29 | 38 | 63 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 7 | 7 | 1358747 | 1251879 | 92.13 |
| കൃഷി ഓഫീസർ | 3 | 2 | 655367 | 368550 | 56.24 |
| വെറ്റിനറി സർജൻ | 6 | 5 | 2760800 | 577085 | 20.90 |
| വി.ഇ.ഒ | 7 | 6 | 3432864 | 1091740 | 31.80 |
| അസി.എഞ്ചിനിയർ | 50 | 19 | 16686761 | 3482097 | 20.87 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 3344759 | 3027412 | 90.51 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 3 | 3 | 430000 | 406931 | 94.64 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | 7 | 7 | 640929 | 637942 | 99.53 |
| അസി.സെക്രട്ടറി | 12 | 08 | 1683842 | 885697 | 52.60 |
| ആകെ | 103 | 65 | 32023795 | 12758355 | 39.84 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 7943522 | 6617492 | 83.31 |
| എസ്.സി.പി | 427842 | 167800 | 39.22 |
| ടി.എസ്.പി | 1552342 | 852479 | 54.92 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4851679 | 1792294 | 36.94 |
| ലോകബാങ്ക് ധനസഹായം | 1944183 | 139471 | 7.17 |
| കേന്ദ്രാവിഷ്കൃതം | 728737 | 534399 | 73.33 |
| സംസ്ഥാനാവിഷ്കൃതം | 262500 | | |
| തനത് ഫണ്ട് | 75000 | 74984 | 99.98 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1586699 | | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2815375 | | |
| സംരക്ഷണഗ്രാന്റ് റോഡ് | 3369633 | 1059990 | 31.46 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 3194449 | 1435831 | 44.95 |
| മറ്റുള്ളവ | 2271834 | 83615 | 3.68 |
| ആകെ | 32023795 | 12758355 | 39.84 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ 2016-17 വർഷം ഗ്രാമ പഞ്ചായത്തിന് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി അനുമതിലഭിച്ച് മൊത്തം വകയിരുത്തിയ പദ്ധതി തുകയുടെ വെറും 39.84% തുകയാണ് ചെലവഴിച്ചത്.ധനകാര്യ

കമ്മീഷൻ ഗ്രാന്റ്, എസ്.സി.പി, ടി.എസ്.പി,ലോകബാങ്ക് ധനസഹായം, സംരക്ഷണഗ്രാന്റുകൾ എന്നിവയുടെ വിനിയോഗം തീരെ തൃപ്തികരമല്ല. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളും, അസി.സെക്രട്ടറി, വി.ഇ.ഒ,കൃഷി ഓഫീസർ, വെറ്റിനറി സർജൻ എന്നിവർ നിർവ്വഹണം നടത്തിയ മറ്റ് പ്രോജക്ടുകളും ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ചില്ലയെന്നത് പോരായ്മയാണ്. സർക്കാർ അനുവദിക്കുന്ന വിവിധ ഫണ്ടുകളും ധനസഹായവും പൂർണ്ണമായും വിനിയോഗിക്കുന്നതിന് കാലേക്കൂട്ടിയുള്ള ആസൂത്രണം അത്യാവശ്യമാണ്. ഇക്കാര്യം വളരെ ഗൌരവപൂർവ്വം പരിശോധനാ വിധേയമാക്കേണ്ടതാണ്. ഫണ്ട് വിനിയോഗത്തിലെ പോരായ്മകൾ സംബന്ധിച്ച പ്രത്യേക ഖണ്ഡിക 3-1 കൂടി കാണുക.

## 1-7 ഗ്രാമ സഭ

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലും ഓഡിറ്റ് കാലയളവിൽ മൂന്ന് തവണ ഗ്രാമ സഭകൾ ചേർന്നിട്ടുണ്ട്. ജൂലൈ മാസം ചേർന്ന ഒന്നാമത്തെ ഗ്രാമസഭയിൽ പി.എം.എ.വൈ. ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, ഭവനപദ്ധതി ലിസ്റ്റ് അംഗീകരിക്കൽ, തൊഴിലുറപ്പ് പദ്ധതി, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരണം എന്നിവയും, ഒക്ടോബർ മാസം ചേർന്ന രണ്ടാമത്തെ ഗ്രാമസഭയിൽ ഒ.ഡി.എഫ്.പ്രവൃത്തി പുരോഗതി അവലോകനം, തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ തയ്യാറാക്കൽ എന്നിവയും, നവംബർ മാസം കൂടിയ മൂന്നാമത്തെ ഗ്രാമസഭയിൽ 2016-17 വർഷത്തെ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, സുസ്ഥിര ശുചിത്വ പരിപാടി, ഫ്രീഡം ഫ്രം വെയിസ്റ്റ് കാമ്പയിൻ എന്നിവയും അജണ്ടകളായി ഉൾപ്പെടുത്തി. 1997ലെ KPR(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല. അതുപോലെ തെരഞ്ഞെടുക്കപ്പെട്ട സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭകളിൽ അവതരിപ്പിച്ചിട്ടില്ല. പൊതുവെ വലിയതോതിലുള്ള ജനപങ്കാളിത്തം ഗ്രാമസഭകളിൽ ഉണ്ടായിട്ടില്ല. ഗ്രാമസഭ സംഘാടനവും നടത്തിപ്പും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്.

## 1-8 ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടതഅനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപീകരിക്കണമെന്ന് 2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിൽവ്യവസ്ഥചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ നേരത്തെതന്നെ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട് (തില്ലങ്കേരി ഗ്രാമീണബാങ്ക് ശാഖയിലെ അക്കൌണ്ട് നം.00004586) എന്നാൽ ദുരിതാശ്വാസനിധി അക്കൌണ്ടിൽ നിന്നും ധനസഹായം നൽകുന്നതിൽ വേണ്ടത്ര ശ്രമം ഉണ്ടായിട്ടില്ല. 2016-17വർഷം അക്കൌണ്ടിൽ 28,544/-രൂപ സ്വരൂപിച്ചിട്ടുണ്ട്. 31.03.2017ന് ആകെ 38,338/-രൂപ അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്. വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമപ്രദേശത്ത്

താമസിക്കുന്നവരും നിർധനരായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്.മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ 2016-17 വർഷം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ(എം.എസ്)28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനപരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ് .

## 1-10 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | വർഷം 2015-16 | വർഷം 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1194305 | 1752482 | 558177 | 46.73 (+) |
| നികുതിയേതര വരവുകൾ | 245530 | 265184 | 19654 | 8 (+) |
| മറ്റുവരവുകൾ | - | - | - | - |

| | | | | |
|---|---|---|---|---|
| ആകെ | 1439835 | 2017666 | 577831 | 40.13 (+) |

## 1-11 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 326040 | 184 |
| കർഷകതൊഴിലാളി വേതനം | 6240840 | 693 |
| വിധവാപെൻഷൻ | 7365760 | 578 |
| വാർദ്ധക്യകാലപെൻഷൻ | 7247205 | 670 |
| വികലാംഗപെൻഷൻ | 2089350 | 211 |
| 50 വയസ് തികഞ്ഞ അവിവാഹിത പെൻഷൻ | 609210 | 56 |

## 1-12 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 17499/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-13 ആഭ്യന്തരനിയന്ത്രണം.

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്.ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ യോഗം വിളിച്ച് പഞ്ചായത്തിന്റെ പ്രവർത്തനപുരോഗതി സമഗ്രമായി അവലോകനം ചെയ്യുന്നില്ല.ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന വിലയിരുത്തലുകൾ നടത്തി പരിഹാര നടപടികൾ സമയബന്ധിതമായി കൈക്കൊള്ളേണ്ടതായുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.12.2016-06.12.2016 | 01.09.2016 മുതൽ 30.11.2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഓഡിറ്റ് നടത്തിയിട്ടില്ല | | |

## 1-15 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല

2004 ലെ കേരള പഞ്ചായത്ത് രാജ്(പൗരാവകാശ രേഖ തയ്യാറാക്കൽ)ചട്ടങ്ങൾ,ചട്ടം 3 പ്രകാരം പൊതുതെരഞ്ഞെടുപ്പ്കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിനുശേഷം കഴിയുന്നതും നേരത്തെ എന്നാൽ 6 മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പഞ്ചായത്ത് യോഗം ചേർന്ന്, പഞ്ചായത്തിന് പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും അത്തരം ഒരു സേവനം ലഭ്യമാകുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നുംചർച്ചചെയ്ത് തീരുമാനിക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ പൗരാവകാശരേഖ തയ്യാറാക്കേണ്ടതും, നാലാം ചട്ടപ്രകാരം പ്രസ്തുത പൗരാവകാശ രേഖ പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്താഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്ത് പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നോട്ടീസ് ബോർഡുകളിലും, പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും, അത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്.എന്നാൽ തില്ലങ്കേരി ഗ്രാമപഞ്ചായത്ത് ഈ വ്യവസ്ഥ പാലിച്ചുകൊണ്ട് പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പരിഷ്കരണം- നടപ്പിൽ വരുത്തിയതിലെ അപാകങ്ങൾ

i). 14-1-2011 മുതൽ 31-3-2013 വരെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണയിച്ചിട്ടില്ല

4-6-2013 ലെ സഉ (എം എസ്)210/2013/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും,സർചാർജ്ജും ചട്ടങ്ങൾ) പുതിയ നികുതിദായകർക്ക് 14-1-2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (1-4-2011 ന് മുമ്പ് വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 1-4-2013 മുതൽ ബാധകമാവുന്നതാണെന്നും 14-1-2011 മുതൽ 31-3-2013 വരെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിട്ടങ്ങൾക്ക് ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് നികുതി പുനർനിർണയിക്കാവുന്നതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 14-1-2011 മുതൽ 31-3-2013 വരെയുള്ള കാലയളവിൽ പുതിയതായി വസ്തുനികുതി നിർണയിച്ച മുഴവൻ കെട്ടിടങ്ങൾക്കും വാർഷിക വാടകയുടെ അടിസ്ഥാനത്തിലാണ് നികുതി ചുമത്തിയിട്ടുള്ളത്. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ല.

ii).1.4.11 മുതൽ 31.3.13 വരെയുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ചില്ല

മേൽ ഉത്തരവ് പ്രകാരം 1.4.2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് വസ്തുനികുതി പരിഷ്കരിക്കുമ്പോൾ 1.4.2011 മുതൽ 31.3.2013 വരെ തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചത് ഭേദഗതി ചട്ടങ്ങളനുസരിച്ച് പുനർനിർണയിക്കാവുന്നതാണ്. 'സഞ്ചയ' സോഫ്റ്റ് വെയർ വഴി 2013-14 മുതലുള്ള നികുതി കുടിശ്ശിക മാത്രമേ പിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ വർദ്ധനവ് വന്നിട്ടുള്ള മുഴവൻ കെട്ടിടങ്ങളുടെയും 1.4.11 മുതൽ 31.3.13 വരെയുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല.

iii.) അസസ്മെന്റ് രജിസ്റ്ററിലെ തറവിസ്തീർണവും 'സഞ്ചയ'യിൽ രേഖപ്പെടുത്തിയ വിസ്തീർണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2010-11, 2011-12 കാലയളവിലെ അസസ്മെന്റ് രജിസ്റ്ററിലെ തറവിസ്തീർണവും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം രേഖപ്പെടുത്തിയ വിസ്തീർണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നം.(പഴയത്) | പേര് | രജിസ്റ്ററിലെ തറവിസ്തീർണം | 'സഞ്ചയ'യിലെ തറവിസ്തീർണം | വർഷം | നിർണയിച്ച നികുതി |
|---|---|---|---|---|---|
| 5/369C | പി. സാജിത | 232 m2 | 90 m2 | 28.1.11 | 635 |
| 7/80B | എം രാമചന്ദ്രൻ | 230.52 m2 | 171.5 m2 | 2011-12 | 1368 |
| 7/101B | ചാലിൽ ഷാജു | 214 m2 | 110 m2 | 2011-12 | 1127 |
| 1/331B | മരുതിയോടൻ ഗോപാലൻ | 216 m2 | 175 m2 | 2011-12 | 962 |
| 1/365C1 | സി. സിയാദ് | 269.98 m2 | 204 m2 | 2011-12 | 1023 |

മേൽ കാണിച്ച രീതിയിലുള്ള പൊരുത്തക്കേടിന് വിശദീകരണം നൽകേണ്ടതും നികുതി പരിഷ്കരണത്തിനായി നികുതിദായകർ സമർപ്പിച്ച റിട്ടേണുകളിൽ (ഫോറം 2, 6) ഫീൽഡുതല പരിശോധന നടത്തി ഘടനാപരമായ മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും ഉറപ്പുവരുത്തിയശേഷമാണോ സഞ്ചയയിൽ എൻട്രി വരുത്തിയത് എന്നും വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല.

തനതു വരുമാനം താരതമ്യേന കുറവായ പഞ്ചായത്തിൽ നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ നിർദേശങ്ങൾക്കനുസരിച്ച് പരിഷ്കരണം പൂർണമായി നിലവിൽ വരുത്തിയിട്ടില്ല. ഇതിനാൽ നികുതിയിനത്തില് ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള വലിയ തുക ലഭിക്കാത്തതായി കാണുന്നു. ഇക്കാര്യം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു. നികുതിദായകർ സമർപ്പിച്ച മുഴവൻ റിട്ടേണുകളിലും ഫീൽഡുതല പരിശോധന നടത്തി ഘടനാപരമായ മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും ഉറപ്പുവരുത്തിയശേഷം 'സഞ്ചയ'യിൽ എൻട്രി വരുത്തിയത് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

## 2-2 വസ്തുനികുതി വാർഷിക ധനകാര്യപത്രികയും-സഞ്ചയപ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B15 പ്രകാരം വസ്തുനികുതിയിനത്തിൽ ആകെ ₹ 8,57,447 പിരിച്ചെടുക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ 2016-17 ലെ സഞ്ചയറിപ്പോർട്ട് പ്രകാരം വസ്തുനികുതി കുടിശ്ശിക ₹ 11,23,943 ആണ്. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കുടിശ്ശിക സംബന്ധിച്ച യഥാർത്ഥകണക്ക് ലഭ്യമല്ല. 2016-17വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതി ഡിമാന്റുതുകയും വരവ് തുകയും ബാലൻസ് ഷീറ്റിൽ കുടിശ്ശികയായി കാണിച്ച തുകയുമായി പൊരുത്തപ്പെടുന്നുമില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| 2016-17 ലെ ഡിമാൻഡ് | | 2016-17 ൽ പിരിച്ചെടുത്തത് | | 2016-17 ലെ ബാക്കി | |
|---|---|---|---|---|---|
| ഷെഡ്യൂൾ I-1(2016-17) | 1120281 | ഷെഡ്യൂൾ RP-43(2016-17) | 1239562 | ഷെഡ്യൂൾ B-15(2016-17) | 857447 |
| ഷെഡ്യൂൾ B-15(2015-16) | 136200 | ഷെഡ്യൂൾ B-9(2015-16) | 23518 | | |
| ആകെ | 1256481 | | 1263080 | | 857447 |

മേൽപ്പറഞ്ഞത് പ്രകാരം 2016-17 ൽ വസ്തുനികുതി ഡിമാന്റിനെക്കാൾ ₹ 6,599 (12,56,481-12,63,080= 6,599) അധികമായി പിരിച്ചതായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ 2016-17 ബാലൻസ് പത്രിക B15 പ്രകാരം വസ്തുനികുതി കുടിശ്ശികയായി ആകെ ₹ 8,57,447 പിരിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2016-17 ലെ സഞ്ചയ DCB റിപ്പോർട്ട് പ്രകാരം വസ്തുനികുതിയിനത്തിലെ കുടിശ്ശിക ₹ 11,23,943-യാണ്. വസ്തുനികുതിയിനത്തിലെ ഈ പൊരുത്തക്കേട് വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. മുകളിൽ കാണിച്ച രീതിയിൽ പൊരുത്തക്കേട് സംഭവിച്ചത് വിശദീകരിക്കേണ്ടതാണ്.

## 2-3 ഡി & ഓ ലൈസൻസ് അപാകങ്ങൾ

1.ചട്ടപ്രകാരമുള്ള കാലാവധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഡി & ഓ ലൈസൻസ് ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലേക്കുള്ള ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുൻപെങ്കിലും അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിക്കവാറും കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നത് സാമ്പത്തിക വർഷത്തിന്റെ അവസാനമാണ്.

ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് | കച്ചവടം | 2015-16ലെ ക്രമ നം, ലൈസൻസ് തീയതി | 2016-17ലെ ക്രമ.നം, ലൈസൻസ് തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സജിവ് കുമാർ പി.പി | ഇറച്ചിക്കോഴി വളർത്തി വിൽപന | 87/31.3.16 | 126/30.3.17 |
| 2 | കുർമ്മ നാണു | ചായക്കച്ചവടം | 82/31.3.16 | 122/28.3.17 |
| 3 | നിജേഷ്.എ | പലചരക്ക് കച്ചവടം | 88/31.3.16 | 120/28.3.17 |
| 4 | കീരത്തോടൻ നിഷ | പലചരക്ക് കച്ചവടം | 85/31.3.16 | 117/25.3.17 |
| 5 | പി. മുഹമ്മദ് | ഫ്ലോർ മിൽ | 62/17.3.16 | 109/3.3.17 |

2015-16 വർഷത്തിന്റെ അവസാനത്തിൽ എടുത്ത ലൈസൻസിന് 2016മാർച്ച് 31 വരെയാണ് കാലാവധി. പിന്നീട് ലൈസൻസ് പുതുക്കുന്നത് 2016-17 വർഷത്തിന്റെ അവസാനത്തിൽ മാർച്ച് മാസത്തിലാണ്. ഈ ലൈസൻസ് 2017 മാർച്ച് 31വരെ മാത്രമേ കാലാവധിയുള്ളൂ. ഇതിനാൽ തന്നെ 2016-17 ൽ പുതുക്കുന്നതുവരെ ലൈസൻസില്ലാതെയാണ് പല സ്ഥാപനങ്ങളും പ്രവർത്തിച്ചത് എന്ന് വ്യക്തമാണ്..

1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232(1) പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലം ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ ലൈസൻസ് യഥാസമയം പുതുക്കാത്ത സ്ഥാപനങ്ങൾ ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചതായി കണക്കാക്കി പഞ്ചായത്ത് രാജ് ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കാവുന്നതാണ്.

2. അപേക്ഷയിൽ കാണിച്ച കെട്ടിടത്തിനെക്കുറിച്ച് കൃത്യമായ പരിശോധന നടത്താതെ ഡി & ഓ ലൈസൻസ് അനുവദിക്കുന്നു.

ഡി & ഓ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം കൊടുത്ത കെട്ടിട നമ്പറിനെക്കുറിച്ച് കൃത്യമായി പരിശോധന നടത്തുന്നില്ല.

ചില ഉദാഹരണങ്ങള് ചുവടെ കൊടുക്കുന്നു.

i. അപേക്ഷയിൽ കാണിച്ച കെട്ടിട നമ്പറിൽ കെട്ടിടമില്ല.

| ക്രമ നം. | അപേക്ഷകൻ | കെട്ടിട നമ്പർ | അപേക്ഷ പ്രകാരം ഉടമസ്ഥൻ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശോഭന കരിപ്പായി | XI/337 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

ii.അപേക്ഷയോടൊപ്പം കൊടുത്ത കെട്ടിട നമ്പറില്ല സാനിട്ടേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. സാനിട്ടേഷൻ സർട്ടിഫിക്കറ്റ് നൽകിയത് VI/229B, 229C എന്നീ നമ്പറുകളിലാണ്.

| ക്രമ നം. | അപേക്ഷകൻ | കെട്ടിട നമ്പർ | അപേക്ഷ പ്രകാരം ഉടമസ്ഥൻ |
|---|---|---|---|
| 1 | കട്ടേരി അഷ്രഫ് | VII/225B, 225C | പടയംപൊയിൽ മുഹമ്മദ് |

iii.ഡി & ഓ ലൈസൻസ് അനുവദിച്ച കെട്ടിടത്തിന്റെ ഉപയോഗക്രമം പാർപ്പിടാവശ്യം ആണ്.

ജയദീപൻ കോറോത്താൻ(ക്രമ നം. 25) എന്നയാൾ പലചരക്ക് കച്ചവടത്തിനായി സമർപ്പിച്ച അപേക്ഷയിൽ കാണിച്ചിരിക്കുന്ന കെട്ടിടനമ്പർ III/129 ആണ്. എന്നാൽ ഈ കെട്ടിടം സഞ്ചയ പ്രകാരം പാർപ്പിടാവശ്യത്തിനുള്ളതാണ്.

ഇത് സംബന്ധിച്ച് 23/08/2017 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ11) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഡി & ഓ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയിൽ അന്വേഷണം നടത്തുന്നതിനോടൊപ്പം അപേക്ഷയോടൊപ്പം കൊടുത്ത കെട്ടിട നമ്പർ, കെട്ടിട ഉടമസ്ഥന് തുടങ്ങിയ വിവരങ്ങളെക്കുറിച്ച് കൃത്യമായ പരിശോധന നടത്താനും ശ്രദ്ധിക്കേണ്ടതാണ്.

3. ഡി & ഓ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ

2015-16 ൽ ലൈസൻസ് എടുത്ത ചുവടെ കാണിച്ച സ്ഥാപനങ്ങൾ 2016-17 ൽ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | 2015-16 ലെ രജിസ്റ്ററിലെ ക്രമ നം | പേര് | കച്ചവടം |
|---|---|---|---|
| 1 | 31 | കെ.ഹരീന്ദ്രൻ | ഫർണിച്ചർ നിർമാണം |
| 2 | 36 | കുന്നത്ത് മുഹമ്മദലി | ചിക്കൻ സ്റ്റാൾ |
| 3 | 54 | എം.സി. സ്മിത | സ്റ്റീൽ ഫർണിച്ചർ നിർമാണം |
| 4 | 65 | തണലോട്ട് സലാം | മരം സ്റ്റോക്ക് ചെയ്ത് വിൽപന |
| 5 | 73 | കെ.പി. മുരളീധരൻ | ഫ്ലോർ മിൽ |

| | | | |
|---|---|---|---|
| 6 | 79 | ഇ.വി.രാജീവൻ | വെൽഡിംഗ് ഷോപ്പ് |
| 7 | 90 | മാവിലാടൻ ധനേഷ് | ഇലക്ട്രോണിക് സർവീസ് സെന്റർ |
| 8 | മുൻ രജിസ്റ്ററിൽ ഇല്ല | അക്ഷയ സെന്റർ | |
| 9 | | റേഷൻ ഷോപ്പുകൾ | |

ഇത് സംബന്ധിച്ച് 23/08/2017 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ11) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾ 2016-17 കാലയളവിൽ പ്രവർത്തിച്ചിരുന്നില്ല എന്നത് സംബന്ധിച്ച് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ടോ ഡി & ഒ ലൈസൻസ് ഫീ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിതരണമെന്ന വ്യാപാരികളുടെ അപേക്ഷയോ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കൃത്യമായൊരു അന്വേഷണം നടത്തി ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങനളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കാവുന്നതാണ്

## 2-4 ലൈവ് സ്റ്റോക്ക് ഫാം ചട്ടങ്ങൾ ബാധകമാണോ എന്ന് പരിശോധിച്ചില്ല

2016-17 ൽ ഇറച്ചിക്കോഴികളെ വളർത്തി വിൽപന നടത്തുന്നതിനായി കുന്നത്ത് മുനീർ (ക്രമ നം. 38), സജീവ് കുമാർ പി.പി (ക്രമ നം. 126) എന്നിവർക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇവർക്ക് 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 3-ാം ചട്ടത്തിന്റെ പരിധിയിൽ വരുന്നതാണോ എന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. ഭാവിയിൽ ഇറച്ചിക്കോഴികളെ വളർത്തി വിൽപന നടത്തുന്നതിന് ലൈസൻസ് അനുവദിക്കുമ്പോൾ മേൽ ചട്ടം പ്രകാരം ഫീസ് ഈടാക്കേണ്ടതാണോ എന്നു കൂടി പരിശോധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗത്തിൽ വീഴ്ച -പാഴായ പദ്ധതിപ്പണം 76.66 ലക്ഷം രൂപ.

ജി.ഒ(പി)177/06 ഫിൻ തീ.12.04.2006 പ്രകാരമുള്ള ധനവിനിയോഗ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ജി.ഒ(പി)400/14 ഫിൻ തീ.19.09.2014, ജി.ഒ(പി)119/15 ഫിൻ തീ. 21.03.2015, ജി.ഒ(പി)419/15 ഫിൻ തീ.19.09.2015 എന്നിവ പ്രകാരം ഉത്തരവാകുകയും സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൌണ്ടിലേക്ക് ഫണ്ട് മാറ്റി നൽകുന്ന സമ്പ്രദായം 2015-16 വർഷം മുതൽ

നിർത്തൽ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകും.ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ബാക്കിയായ ഫണ്ടുകൾ ഇതുവരെയായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ തിരികെ നൽകിയിട്ടില്ലാത്തതിനാൽ സാങ്കേതികമായി ഈ തുക നഷ്ടപ്പെട്ടിരിക്കുകയാണ്. 2016-17-ൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് 76.66 ലക്ഷം രൂപയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ബാക്കിയായ തുക |
|---|---|
| ജനറൽ | 2426 |
| എസ്.സി.പി | 260042 |
| ടി.എസ്.പി | 253516 |
| പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1919800 |
| ലോകബാങ്ക് ധനസഹായം | 1804712 |
| മെയിന്റനൻസ് ഫണ്ടു നോൺ റോഡ് | 1115618 |
| മെയിന്റനൻസ് ഫണ്ടു റോഡ് | 2309643 |
| ആകെ | 7665757 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതുകൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്.മുൻ വർഷത്തിലും സ്ഥിതി വ്യത്യസ്ഥമല്ല.2015-16വർഷം പഞ്ചായത്തിന് ഈവിധം നഷ്ടമായത് 8867954/-രൂപയാണ്.തനത് ഫണ്ട് വളരെ അപര്യാപ്തമായ ഗ്രാമ പഞ്ചായത്തിന് പദ്ധതിയുടെ ഭാഗമാക്കി വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്താൻ സാധിച്ചത് വസ്തുനികുതി ഡാറ്റ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന് വേണ്ടി വകയിരുത്തിയ 75000/-രൂപ മാത്രമാണ്.ഈ സാഹചര്യത്തിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ പരമാവധി ചെലവഴിക്കേണ്ടതായിരുന്നു.ഫണ്ടുവിനിയോഗത്തിൽ വർഷങ്ങളായി കണ്ടുവരുന്ന ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കൂടുതൽ ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്.ആയതിനാൽ ഈ വിഷയത്തിൽ ആത്മപരിശോധന നടത്തി പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് കാലേക്കൂട്ടി തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-2 പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗാർഹിക വൈദ്യുതി കുടിശ്ശിക ഒടുക്കൽ -കോളനി നിവാസികളുടെ സാമ്പത്തിക ഉന്നമനത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

പ്രൊജക്ട് നമ്പർ : എസ്.0048/17

പ്രൊജക്ടിന്റെ പേര് : പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗാർഹിക വൈദ്യുതി കുടിശ്ശിക ഒടുക്കൽ

അടങ്കൽ : ₹ 76,897 (എസ്.സി.പി

ചെലവ് തുക : ₹ 76,897

1- ബിൽ നമ്പർ/തീയ്യതി : 4 /16-17/ 29-1-17 ₹ 76,897

ഗ്രാമപഞ്ചായത്ത് പരിധിയിലെ 4 പട്ടിക വർഗ്ഗ കോളനികളിലെ വീടുകളുടെ വൈദ്യുതി ചാർജ്ജ് 11/2015 മുതൽ കുടിശ്ശികയാവുകയുണ്ടായി. തുക ഒടുക്കിയില്ലെങ്കിൽ കോളനികളിലെ വൈദ്യുതി വിഛേദിക്കുമെന്ന് കെ.എസ്.ഇ.ബി അധികൃതർ അറിയിച്ചതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി പട്ടിക വർഗ്ഗകോളനികളിൽ അധിവസിക്കുന്ന ജനവിഭാഗത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിച്ച് വികസന ഫണ്ടിൽ നിന്നും പ്രസ്തുത കുടിശ്ശിക ഒടുക്കുന്നതിന് സർക്കാർ അനുമതിക്ക് അപേക്ഷിക്കുകയും സ.ഉ. നം. 838/ഡി. എ2/ത.സ്വ,ഭ.വ തീയതി, 03-03-2016 പ്രകാരം ഒരു പ്രത്യേക കേസായി പരിഗണിച്ച് തുക ഒടുക്കുന്നതിന് അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കുകയും ചെയ്തു. കോളനി നിവാസികളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയാണ് അവരുടെ വൈദ്യുതി കുടിശ്ശിക ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും ഒടുക്കാനുള്ള സാഹചര്യത്തിൽ എത്തിച്ചത്. ഗ്രാമപഞ്ചായത്ത് കുടിശ്ശിക തുക ഒടുക്കിയതിന് ശേഷമുള്ള കാലയളവിൽ വൈദ്യുതി ചാർജ്ജ് കോളനിവാസികൾ ഒടുക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണകുറിപ്പ് മുഖാന്തിരം അന്വേഷിച്ചതിൽ പല കുടുംബങ്ങളും ഇപ്പോഴും കൃത്യമായി തുക ഒടുക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പുകൾ മുഖാന്തിരവും ഗ്രാമപഞ്ചായത്ത് മുഖാന്തിരവും വർഷാവർഷം വിവിധങ്ങളായ ക്ഷേമപദ്ധതികൾ ഈ വിഭാഗത്തിന്റെ പുരോഗതികായി നടപ്പാക്കി വരുന്നുണ്ടെങ്കിലും അവയൊന്നും അവരുടെ സാമ്പത്തീക പിന്നോകാവസ്ഥ പരിഹരിക്കുന്നതിന് പര്യാപ്തമല്ല എന്നാണ് കാണിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി പോലുള്ള പ്രവർത്തനങ്ങളിൽ ഈ വിഭാഗത്തിൽ നിന്നുള്ളവരെ കൂടുതൽ പങ്കാളികളാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു. സാമൂഹ്യക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ള വിവിധ സർക്കാർ ആനുകൂല്യങ്ങൾ ഈ വിഭാഗം ജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കാലാകാലങ്ങളിൽ ആനുകൂല്യങ്ങൾ നൽകിമാത്രം ഈ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ സാധിക്കില്ലെന്ന തിരിച്ചറിവിൽ അവരെ സ്വയം പര്യാപ്തമാക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-3 ഒ.ഡി.എഫ് സ്കീമിൽ കക്കൂസ് നിർമ്മിക്കുന്നതിന് അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് പ്രവൃത്തി പൂർത്തിയാക്കിയത് സംബന്ധിച്ച് വിവരം ലഭ്യമാക്കിയില്ല - ചെലവ് തുക ₹ 5,000 തടസ്സത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

പ്രൊജക്ട് നമ്പർ : എസ്, 44/16-17

പ്രൊജക്ടിന്റെ പേര് : പട്ടിക വർഗ്ഗക്കാർക്ക് കക്കൂസ് നിർമ്മാണം

അടങ്കൽ : ₹ 5,23,600വികസന ഫണ്ട്

ചെലവ് തുക : ₹ 4,82,400

1- ബിൽ നമ്പർ/തീയ്യതി : 1 /16-17/ 17-11-16- ₹ 2,77,200

2. ബിൽ നമ്പർ/തീയ്യതി : 2 /16-17/ 17-11-16- ₹ 5,000

3. ബിൽ നമ്പർ/തീയ്യതി : 7 /16-17/ 15-3-17- ₹ 2,00,200

ഗ്രാമപഞ്ചായത്ത് പരിധിയിലെ പട്ടിക വർഗ്ഗ ജനവിഭാഗങ്ങളിലെ 32 ഗുണഭോക്താകൾക്കാണ് കക്കൂസ് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് തെരഞ്ഞെടുത്തിരുന്നത്. ഇതിൽ 31 ഗുണഭോക്താകൾക്ക് 15400 രൂപ വീതം സഹായം നൽകിയിട്ടുണ്ട്. ശ്രീ. കെ.കെ. ഹരീന്ദ്രൻ, ആനകുഴികോളനി,എന്ന ഗുണഭോക്താവിന് ₹ 5000 രൂപ അഡ്വാൻസായും നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഈ പദ്ധതിക്ക് ആകെ ₹ 4,82,400 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 31 ഗുണഭോക്താകളും ലഭിച്ച ധനസഹായം ഉപയോഗപ്പെടുത്തി കക്കൂസ് നിർമ്മിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് 5000 കൈപ്പറ്റിയ ഗുണഭോക്താവ് പ്രവൃത്തി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല. പ്രസ്തുത വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് ( 1/16-17 തീയതി 22-8-17 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താവ് ഇതിനോടകം പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ കൈപ്പറ്റിയ അഡ്വാൻസ് തുക പലിശ സഹിതം തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക ₹ 5,000 തടസ്സത്തിൽ വെക്കുന്നു.

## 3-4 പട്ടിക വർഗ്ഗകോളനികളിലെ വീടുകൾ അഭിവൃദ്ധിപ്പെടുത്തൽ - സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ചെലവ് തുക ₹ 75000 തടസ്സത്തിൽവെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

പ്രൊജക്ട് നമ്പർ : എസ്.0094 /17

പ്രൊജക്ടിന്റെ പേര് : പട്ടിക വർഗ്ഗകോളനികളിലെ വീടുകൾ അഭിവൃദ്ധിപ്പെടുത്തൽ

അടങ്കൽ : ₹ 2,00,000 (എസ്.സി.പി

ചെലവ് തുക : ₹ 75000

1- ബിൽ നമ്പർ/തീയ്യതി : 8 /16-17/ 31-3-17 ₹ 75,000

പട്ടിക വർഗ്ഗകോളനികളിലെ വീടുകൾ അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രൊജക്ടിൽ 3 ഗുണഭോക്താകൾക്ക് ₹ 25,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തികരണം സംബന്ധിച്ച് ഓവർസിയർ തയ്യാറാക്കിയ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ സ.ഉ (എം.എസ്) നമ്പർ 4/2016/ ത.സ്വ.ഭ.വ, തിരുവനന്തപുരം, തീയതി 11-01-2016 അനുബന്ധം 15 ൽ 3 -6-5 ൽ നിർദ്ദേശിക്കുംവിധം

ധനസഹായത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താകളുടെ അറ്റകുറ്റപണി ആവശ്യമായ വീടിന്റെ എസ്റ്റിമേറ്റ് ഉദ്യോഗസ്ഥൻ തയ്യാറാക്കണം എന്നും, എൽ എസ്. ജി.ഡി എഞ്ചിനിയർ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ മേൽ പ്രസ്താവിച്ച രേഖകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 2/ 2016-17 തീയതി 22-8-17) ന് ലഭ്യമാക്കിയ മറുപടിയിൽ പട്ടിക വർഗ്ഗകോളനികളിലെ വീടുകൾ നവീകരിക്കൽ എന്ന പ്രൊജക്റ്റിൽ എസ്റ്റിമേറ്റ് എടുത്തിരുന്നതായും എന്നാൽ ആയത് ഫയലിൽ സൂക്ഷിക്കാതെ മറ്റെവിടെയോ സൂക്ഷിച്ചതിനാൽ ഓഡിറ്റ് മുൻപാകെ ഹാജരാക്കാൻ സാധിക്കുന്നില്ലെന്നും ആയത് കണ്ടെത്തി ഹാജരാക്കുന്നതാണ് എന്നുമാണ്. എസ്റ്റിമേറ്റിനോടൊപ്പം യഥാർത്ഥത്തിൽ നിർവ്വഹിച്ച പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള അളവുകൾ കൂടി രേഖപ്പെടുത്തിയ അളവ് പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. നിലവിൽ പ്രസ്തുത രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിലെ ചെലവ് തുക ₹ 75,000 തടസ്സത്തിൽ വെക്കുന്നു

## 3-5 ഇ. എം. എസ് ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്തിയാകാത്ത ഗുണഭോക്താകളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടികൾസ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൻ നിന്നും വിവിധ കാലയളവുകളിൽ ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയിൽ ധനസഹായം കൈപ്പറ്റിയ 87 ഗുണഭോക്താകളിൽ 65 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി വരുന്ന 22 പേരിൽ 5 പേർ ഭിത്തിവരെയും 17 പേർ മേൽക്കൂരവരെയും പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. 2009-10-ൽ എഗ്രിമെന്റ് വെച്ചതാണ് ഈ പദ്ധതി. നടപ്പ് വർഷത്തിലോ ഓഡിറ്റ് കാലയളവിലോ ഈ ഇനത്തിൽ തുടർ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല, പ്രവൃത്തി പൂർത്തിയാകാത്ത മേൽ ഗുണഭോക്താകളെ സംബന്ധിച്ചും അവർ കൈപ്പറ്റിയ തുക സംബന്ധിച്ചും 2014-15, 2015-16 ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഭവനരഹിതരെ കണ്ടെത്തി സർക്കാർ ഇപ്പോൾആവിഷ്കരിച്ചിട്ടുള്ള LIFE പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം പൂർത്തിയാകാൻ ആനുകൂല്യം ലഭ്യമാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. സാമ്പത്തിക പിന്നോക്കാവസ്ഥമൂലം ഭവനനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത പ്രസ്തുത ഗുണഭോക്താകളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ആനുകൂല്യം ബാങ്ക് അക്കൗണ്ടുവഴി നൽകൽ- തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലെത്തിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പുതുക്കിയ പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം വിവിധ മേഖലകളിൽ നടപ്പാക്കപ്പെടുന്ന പ്രോജക്ടുകളിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകേണ്ടത് അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലൂടെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ വിധം തുക നൽമ്പോൾ ക്രഡിറ്റ് ചെയ്ത തുക ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലെത്തിയെന്ന് ഉറപ്പുവരുത്തുവാൻ നിലവിൽ സംവിധാനമൊന്നുമില്ല. ബാങ്ക് / ട്രഷറി എന്നിവിടങ്ങളിൽ നിന്നും ഡാറ്റാ എൻട്രി നടത്തുമ്പോഴോ അല്ലെങ്കിൽ കൃത്യതയില്ലാത്ത ബാങ്ക് അക്കൗണ്ട് നമ്പർ നൽകുന്നത് മൂലമോ ഈ മേഖലയിൽ

തെറ്റുകൾ വരാൻ സാഹചര്യമുണ്ട്. ആയിനാൽ ഗുണഭോക്താകൾക്ക് അവരുടെ അക്കൗണ്ടിലേക്ക് നൽകുന്ന തുക പൂർണ്ണമായും കൃത്യമായും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പട്ടിക ജാതി പട്ടിക വർഗ്ഗ മേഖലയിൽ നിന്നുള്ള ഗുണഭോക്താക്കളുടെ കാര്യത്തിൽ എസ് സി പ്രമോട്ടർ നേരിട്ട് പരിശോധന നടത്തി തുക അക്കൗണ്ടിലെത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മറ്റ് ജനറൽ വിഭാഗം ഗുണഭോക്താക്കളുടെ കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ ബാങ്ക് / ട്രഷറി എന്നിവിടങ്ങളിൽ നിന്നും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്തത് സംബന്ധിച്ച് രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നത് അഭിലഷണീയമാണ്. ഇതിനായി പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് നിർവ്വഹണോദ്യോഗസ്ഥൻ വശം എത്തിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകാവുന്നതുമാണ്. ഓരോ പദ്ധതി മോണിറ്ററിംഗ് വിഭാഗവും ഇതു സംബന്ധിച്ച് പരിശോധന നടത്തേണ്ടതും കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-7 ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വളർത്ത് നായകൾകൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രൊജക്റ്റ് നമ്പർ : എസ്,0022/17

പ്രൊജക്റ്റിന്റെ പേര് : പേ വിഷബാധ പ്രതിരോധ കുത്തിവെയ്പ്പ്

അടങ്കൽ : ₹ 13,770 വികസന ഫണ്ട്

ചെലവ് തുക : ₹ 13,770ബിൽ നമ്പർ/തീയ്യതി : 2 /16-17/ 27-1-2017

പേവിഷബാധ പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി പ്രതിരോധകുത്തിവെപ്പ് ക്യാമ്പുകൾ സംഘടിപ്പിക്കാനായി ₹ .13,770 രൂപ ചെവവഴിച്ചിട്ടുണ്ട്. വെറ്റിനറി സർജൻ ലഭ്യമാക്കിയ റിപ്പോർട്ട് അനുസരിച്ച് വളർത്ത് നായകൾക്ക് പേവിഷബാധ നടയുന്നതിനുള്ള കുത്തിവെപ്പ് എടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി 29 ക്യാമ്പുകൾ സംഘടിപ്പിച്ചതായും പ്രസ്തുത ക്യാമ്പുകളിൽ വെച്ച് 209 വളർത്ത് നായകൾക്ക് കുത്തിവെപ്പ് നൽകിയതായും അറിയിച്ചിട്ടുണ്ട്. പ്രാഥമീക കണക്ക് അനുസരിച്ച് ഏകദേശം 400 ൽ അധികം വളർത്ത് നായകൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. 1998 ലെകേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3.4 എന്നിവയിൽ ലൈസൻസ് എടുക്കുന്നവിധം വിശദമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടത്തിലെ ചട്ടം 4-7ൽ ലൈസൻസ് നൽകുന്നതും അത് പുതുക്കി നൽകുന്നതും സംബന്ധിച്ച് വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ സെക്ഷൻ 4(1) പ്രകാരം വളർത്ത് നായകൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നേടേണ്ടതുണ്ട്. എന്നാൽ നിലവിൽ എല്ലാ വളർത്ത് നായകൾക്കും ലൈസൻസ് എടുത്തതായി കാണുന്നില്ല. വാർഷിക ധനകാര്യ പത്രിക I-4(b) പ്രകാരം പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകിയയിനത്തിൽ ആകെ 640 രൂപ വരവ് വന്നതായി കാണിച്ചിട്ടുണ്ട്. ഇതിൽ എത്ര വളർത്ത് നായകൾക്ക് ലൈസൻസ് നൽകി എന്നവിവരം ലഭ്യമല്ല. പേ വിഷ ബാധ എന്ന മാരകമായ രോഗാവസ്ഥ തടയുന്നതിനുള്ള ശക്തമായ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ ആസൂത്രണം ചെയ്ത്

നടപ്പാക്കുന്നതിനും വളർത്തു നായകളുടെ പരിപാലനം പൊതുജനങ്ങൾക്ക് ഹാനികരമാകാതിരിക്കുന്നതിനും വളർത്ത് നായകളെ വളർത്തുന്നവർക്ക് ഉത്തരവാദിത്വ ബോധം ഉണ്ടാക്കുന്നതിനും ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാവളർത്തുനായകൾക്കും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 സാന്ത്വന പരിചരണം- സർക്കാർ നിർദ്ദേശപ്രകാരമുള്ള ഹോം വിസിറ്റ് ദിനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്

പ്രൊജക്ട് നം. 30 /2016-17 ( പാലിയേറ്റീവ് പരിചരണം)

ബിൽ നമ്പർ- 1/16-17 തീയതി, 25-11-16 --₹ 1,33,928

2/16-17 തീയതി, 30-1-17 - ₹ 25,317

3/16-17 തീയതി, 17-3-17 - ₹1,04,396

6/16-17 തീയതി, 30-3-17 - ₹ 76,973

8/16-17 തീയതി, 30-3-17 - ₹ 30,000

11/16-17 തീയതി, 30-3-17 - ₹ 39,386

ആകെ തുക- 4,10,000 ( വികസന ഫണ്ട്)

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ സാന്ത്വനപരിചരണ പ്രോജക്ടിനത്തിൽ 2016-17 കാലയളവിൽ ₹ 4,10,000 രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കേണ്ടുന്ന പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ സ.ഉ (സാധാ) നം.3217 /2015 /തസ്വഭവ തീയതി, 29-10-2015 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ സെക്കൻഡറി ലെവൽ ഹോം കെയർ പ്രവർത്തനങ്ങളുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷം മുതൽ ആഴ്ചയിൽ കുറഞ്ഞത് 4 എന്ന വിധത്തിൽ ഒരുമാസം 16 ഹോം കെയർ ദിനങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 വർഷം നടപ്പാക്കിയ പ്രൊജക്ടിൽ 16 ഹോം കെയർ ദിനങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല വിശദവിവരം ചുവടെകൊടുക്കുന്നു.

| മാസം | ഹോം വിസിറ്റ് യാത്രകളുടെ എണ്ണം. |
|---|---|
| ഏപ്രിൽ | 11 |
| മെയ് | 14 |

| | |
|---|---|
| ജൂൺ | 13 |
| ജൂലൈ | 16 |
| ആഗസ്റ്റ് | 14 |
| സപ്തംബർ | 14 |
| ഒക്ടോബർ | 14 |
| നവംബർ | 14 |
| ഡിസംബർ | 14 |
| ജനുവരി | 14 |
| ഫിബ്രവരി | 14 |

മേൽ പട്ടിക പ്രകാരം 2016-17 കാലയളവിൽ 17 ഹോം കെയർ ദിനങ്ങൾ ലഭ്യമായിട്ടില്ല. സാന്ത്വനപരിചരണം ആവശ്യമായ വ്യക്തിക്ക് ഒന്നിൽ കൂടുതൽ തവണ പരിചരണം ലഭ്യമാക്കുവാനും കൃത്യമായ തുടർചികിത്സ ഉണ്ടാക്കുവാനും വേണ്ടിയാണ് ഹോംകെയർ ദിനങ്ങളുടെ എണ്ണം കൂട്ടുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ഓരോ രോഗിയുടെയും ആവശ്യവും ലഭ്യമാക്കേണ്ട പരിചരണവും അനുസരിച്ച് പരമാവധി വിസിറ്റ് നടത്താൻ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്കുകൾ സ്ഥാപിച്ച വിവരം ലഭ്യമല്ല - 191250/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം - 25/17

ബിൽ നം.25/31.03.2017

ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 2016-17 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ശ്രീലേഷ് എന്ന കരാറുകാരനാണ് തെരുവ് വിളക്കുകൾ സപ്ലൈ ചെയ്തത്. 2x11 വാട്സ് ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റുകൾ 75എണ്ണവും, 36 വാട്സ് ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റുകൾ 25 എണ്ണവും വാങ്ങിയിട്ടുണ്ട്.

എന്നാൽ വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. വാങ്ങിയ വിളക്കുകൾ എവിടെയൊക്കെ സ്ഥാപിച്ചെന്നും എത്രവീതം സ്ഥാപിച്ചെന്നുമുള്ള വിവരം രേഖകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 12/24.08.2017) മറുപടി നൽകിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടുമില്ല. ഇക്കാരണത്താൽ ചെലവഴിച്ച 191250/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 പ്രൊജക്ട് തയ്യാറാക്കാതെ ചെലവ് നടത്തി - 22116/-രൂപ തടസ്സപ്പെടുത്തുന്നു

വൌച്ചർ നം .21600440/18.10.2016പ്രകാരം 22116/-രൂപ ചെലവഴിച്ച് സിഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും 2 സ്റ്റീൽ അലമാരകൾ വാങ്ങിച്ചിട്ടുണ്ട്. മേൽ ചെലവ് പ്രൊജക്ട് തയ്യാറാക്കി പദ്ധതിയുടെ ഭാഗമാക്കാതെയാണ് തനത് ഫണ്ടിൽനിന്ന് ചെലവുകൾ നടത്തിയിട്ടുള്ളത്. ജി.ഒ.(എം.എസ്)4/16തീയ്യതി.11.01.2016 പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 4(3) പ്രകാരം ഇത്തരം ചെലവുകൾക്ക് പ്രൊജക്ട് തയ്യാറാക്കേണ്ടതായിരുന്നു. എന്നാൽ പ്രൊജക്ട് തയ്യാറാക്കാതെ ചെലവ് നടത്തിയതിനാൽ 22116/-രൂപ തടസ്സപ്പെടുത്തുന്നു

## 3-11 പൊതുടാപ്പുകളുടെ പരിപാലനം കാര്യക്ഷമമല്ല-വർഷങ്ങളായി സംയുക്തപരിശോധന നടത്താതെ വെള്ളക്കരം ഒടുക്കിവരുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 പൊതുടാപ്പുകളുള്ളതായാണ് ജല അതോറിറ്റിയുടെ കണക്കുകളിൽ വ്യക്തമാക്കിയിട്ടുള്ളത്. പഞ്ചായത്തിൽ ഇത് സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ ഒരു റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എന്നാൽ പൊതുടാപ്പുകൾ പ്രവർത്തന സജ്ജമാണെന്നുള്ള കണക്കെടുപ്പുകളോ, സംയുക്തപരിശോധനയോ ഇതുവരെയായി നടത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നം.2205/89 k.W,A/H.O(F)22.3.1999 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിൽ കൂടി ഒരു മിനുട്ടിൽ ശരാശരി 5 ലിറ്റർ എന്നതോതിൽ ശരാശരി 8 മണിക്കൂർ നേരത്തേക്ക് പ്രതിദിനം 2.4 കിലോലിറ്റർ എന്ന കണക്കിൽ വെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ജലലഭ്യതയെപറ്റിയോ, പ്രവർത്തനക്ഷമമായ പൊതുടാപ്പുകളെ സംബന്ധിച്ചോ പരിശോധനനടത്താതെ ജലഅതോറിറ്റി ആവശ്യപ്പെടുന്ന തുക വർഷങ്ങളായി അതേപടി ഒടുക്കിവരികയാണ് ചെയ്തുവരുന്നത്. 9 പൊതുടാപ്പുകൾക്ക് പ്രതിമാസം 3938/- രൂപയാണ് പഞ്ചായത്ത് ഒടുക്കിവരുന്നത്. ആയതിനാൽ ജലഅതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്തപരിശോധന നടത്തേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതുമാണ്. പൊതുടാപ്പുകളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ ഇതിനായി തയ്യാറാക്കേണ്ടതും, സമയാസമയങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

## 3-12 തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമല്ല-കൃത്യമായ കണക്കില്ലാതെ തുക ഒടുക്കി വരുന്നു.

തില്ലങ്കേരി ഗ്രാമ പഞ്ചായത്ത് 2016-17 വർഷം തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 6547/ രൂപയാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ

എണ്ണം, തരം, ഒടുക്കുന്ന നിരക്ക് എന്നീ വിവരങ്ങളും, എവിടെയൊക്കെയാണ് ബൾബുകൾ സ്ഥാപിച്ചിട്ടുള്ളത് എന്ന വിവരങ്ങളും എഴുതിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രകാശിക്കുന്ന യഥാർത്ഥവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഉണ്ടായിട്ടില്ല. 2016-17 വർഷം മാത്രം പുതുതായി 100 വിളക്കുകൾ വാങ്ങിച്ചിട്ടുമുണ്ട്. യഥാർത്ഥത്തിൽ ഏതെല്ലാം തരം ബൾബുകൾക്കുള്ള ചാർജാണ് പഞ്ചായത്ത് കെ.എസ്.ഇ.ബിയിൽ ഒടുക്കിവരുന്നത് എന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും തെരുവ് വിളക്ക് കറന്റ് ചാർജിനത്തിൽ തുക അധികം ഒടുക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമണ്.

## 3-13 വർഷങ്ങളായി ചെലവഴിക്കാത്തതുക വിനിയോഗിക്കുന്നതിന് നടപടിസ്വീകരിക്കേണ്ടതാണ്

പശ്ചിമഘട്ട വികസന പദ്ധതിയിൽ പ്രൊജക്ട് നടപ്പക്കുന്നതിന് 2014-15 വർഷം ₹ 6,00,000 രൂപ കണ്ണൂർ ജില്ലാ കലക്ടർ മുഖാന്തിരം ഫണ്ട് ലഭിക്കുകയുണ്ടായി. തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ കരുവള്ളി വഴിയങ്ങോട് ഫുട്ട് ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് ലഭ്യമാക്കിയതാണ് പ്രസ്തുത ധനസഹായം. എന്നാൽ 2016-17 വർഷത്തിലും പ്രസ്തുത പ്രൊജക്ട് നടപ്പാക്കാതെ ഫണ്ട് കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ട് നമ്പർ 40514101007666-ൽ നിക്ഷേപിച്ചിരിക്കയാണ് ഈ തുക പലിശ ഉൾപ്പെടെ ഇപ്പോൾ ₹ 6.45,677 രൂപയായി തീർന്നിട്ടുണ്ട്. ഈ തുക വാർഷിക ധനകാര്യ പത്രിക ബി 4 ൽ ബാലൻസ് ഫണ്ടായി കാണിച്ചിട്ടുണ്ട്. ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി അനുവദിച്ച ഫണ്ട് പ്രസ്തുത ഉദ്ദേശ്യത്തിനായി ഉപയോഗപ്പെടുത്താതെ നിക്ഷേപമാക്കി മാറ്റിയിരിക്കുന്ന നടപടി ശരിയല്ല. 2014-15 ൽ നടപ്പാക്കാൻ ഉദ്ദേശിച്ച പ്രൊജക്ട് ഇപ്പോൾ പ്രാവർത്തികമാക്കണമെങ്കിൽ വളരെ അധികം ചെലവ് ഉണ്ടാവും. ആയതിനാൽ പ്രസ്തുത ഫണ്ട് അനുവദിച്ച ഉദ്ദേശ്യത്തിന് വിനിയോഗിക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട അക്കൌണ്ടുകളിൽ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 3-14 തലച്ചങ്ങാട് അങ്കൺവാടി കെട്ടിട നിർമ്മാണം എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

പ്രൊജക്ട് നം. എസ് 0081 /17

തലച്ചങ്ങാട് അംഗൻവാടി കെട്ടിട നിർമ്മാണം

അടങ്കൽ -2,00,000 ( വികസന ഫണ്ട് ജനറൽ

3,00,000 (ധനകാര്യ കമ്മീഷൻ )

3,50,000 ( ബ്ലോക്ക് വിഹിതം)

ആകെ- ----------

8.50,000

ചെലവ് ₹ 7,79,290

ബിൽ നം.5 /16-17 തീയതി, 21-12-16 ₹ 3,00,000 ( ധനകാര്യ കമ്മീഷൻ )

ബിൽ നം.6/16-17 തീയതി, 21-12-16 ₹1,62,767 ( വികസന ഫണ്ട് ജനറൽ)

ബിൽ നം.9/16-17 തീയതി, 27-12-17 ₹3,16,523 ( ബ്ലോക്ക് വിഹിതം )

------------

ആകെ - 779290

എം. ബുക്ക്- 2/2016-17

തലച്ചങ്ങാട് അങ്കൺവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാണ് മേൽ പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടുത്തിയാണ് പ്രൊജക്ട് തയ്യാറാക്കി നടപ്പാക്കിയിട്ടുള്ളത്. ഇ- ടെണ്ടർ മുഖാന്തിരം നടപ്പാക്കിയ ഈ പ്രൊജക്ടിൽ 7.6 % കുറവിലാണ് കരാറുകാരൻ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കെട്ടിടം നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനുള്ള പ്രവൃത്തിയിനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത കെട്ടിടം നേരിട്ട് പരിശോധിച്ചതിൽ വൈദ്യുതീകരണം നടക്കാത്തതിനാൽ കെട്ടിടം പ്രവർത്തനം തുടങ്ങിയിട്ടുമില്ല. സ.ഉ (എം.എസ് ) 4/2016 ത.സ്വ.ഭ.വ തീയതി 11-1-2016 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ഖണ്ഡിക 6-15 Xiii (സി) യിൽ കെട്ടിട നിർമ്മാണം പോലുള്ള മരാമത്ത് പ്രവൃത്തികൾക്ക് പ്രൊജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രൊജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്നും, ഇലക്ട്രിസിറ്റി, പ്ലമ്പിംഗ് എന്നിവ പ്രവൃത്തികൾക്ക് ആവശ്യമായ തുക മൊത്തമായി എസ്റ്റിമേറ്റിൽ വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയി കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയശേഷം പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗീകമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ തയ്യാറാക്കിയെങ്കിൽ തന്നെ അതിന് അംഗീകാരം നൽകാനോ പാടില്ലെന്നും, തുകയുടെ അപര്യാപ്തയുണ്ടെങ്കിൽ പ്രവൃത്തി എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി ബഹുവർഷ പ്രൊജക്ടായി ഏറ്റെടുക്കണം എന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

ഈ പ്രോജക്ട് പ്രകാരം അങ്കണവാടി കെട്ടിടം വൈദ്യുതീകരിക്കുന്നതിന് എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിട്ടില്ല. വൈദ്യുതീകരണം ഉൾപ്പെടെയുള്ള ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തത ഉള്ളതായും കാണുന്നില്ല. ഈ അങ്കണവാടി കെട്ടിടത്തിന് ടൈൽ പതിക്കുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനുമായി വേറൊരു പ്രോജക്ട് കൂടി (119/17) 2016-17-ൽ നടപ്പാക്കുകയുണ്ടായി. എസ്റ്റിമേറ്റ് നിരക്കിൽ ചെയ്ത ഈ പ്രവൃത്തിയിനത്തിൽ ബിൽ നം.25/16-17തീയതി 31-3-17 പ്രകാരം 1,10,420 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ഉൾപ്പെടെയുള്ള എല്ലായിനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഫണ്ടിന്റെ ലഭ്യതക്കുറവാണ് ഇതിന് കാരണമായി ഓഡിറ്റ് മുൻപാകെ വിശദീകരിച്ചിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ ഫണ്ടിന്റെ കുറവ് ഈ കാലയളവിൽ ഉള്ളതായി കാണുന്നില്ല. 2016-17 കാലയളവിൽ വിവിധ ഇനങ്ങളിലായി ആകെ ₹ 76,65,757 രൂപചെലവഴിക്കാതെ ലാപ്സാക്കിയിട്ടുണ്ട്. ആയതിനാൽ കൂടുതൽ ആസൂത്രണത്തോടെയും

വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് തയ്യാറാക്കുന്നതിന് ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. അങ്കണവാടി കെട്ടിടത്തിന്റെ വൈദ്യുതീകരണപ്രവർത്തനങ്ങൾ പൂർത്തിയാക്കി കെട്ടിടം എത്രയും വേഗം തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 പ്രവൃത്തി സമയപരിധിക്കകം പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനിയർ

പ്രൊജക്ട് നമ്പർ : എസ് 0085 /17

പ്രൊജക്ടിന്റെ പേര് : പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി

അടങ്കൽ : ₹ 4,00,000 വികസന ഫണ്ട്

പി.എ.സി.തുക : ₹ 3,85,710

ചെലവ് തുക : ₹ 1,76,088 ബിൽ നമ്പർ/തീയ്യതി : 19 /16-17/ 18-3-17

കരാറുകാരൻ : ജിജേഷ്. വി

എം. ബുക്ക് നം. : 25 /16-17

എഗ്രിമെന്റ് തീയതി : 25/2015-16 തീയതി 28-9-2015

പ്രവൃത്തി ആരംഭിച്ച തീയതി: 3-10-2015

എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി: എഗ്രിമെന്റിൽ തീയതി വ്യക്തമാക്കിയിട്ടില്ല

ചെക്ക് മെഷർ തീയതി : 17-3-2017

ഗ്രാമപഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണി നിർവ്വഹിക്കുന്നതിന് നടപ്പാക്കിയതാണ് മേൽ പ്രൊജക്ട്. ₹ 4,00,000 രൂപ എസ്റ്റിമേറ്റ് വെച്ച മേൽ പ്രവൃത്തിക്ക് ഇതുവരെയായി ₹ 1,76,088 രൂപചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എഗ്രിമെന്റ് തീയതി 28-9-2015 ആണ് പ്രവൃത്തി ആരംഭിച്ച തീയതി 3-10-2015 നമാണ്. എഗ്രിമെന്റിൽ പ്രവൃത്തിയുടെ പൂർത്തികരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ചെക്ക് മെഷർ ചെയ്ത തീയതി 17-3-2017 മാത്രമാണ്. ഈ പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ തുകയായ ₹ 1,76,088 രൂപയാണ് ഇപ്പോൾ നൽകിയിട്ടുള്ളത്. 28-9-2015 ൽ എഗ്രിമെന്റ് വെച്ച മേൽ പ്രവൃത്തിയുടെ ചെക്ക് മെഷർ നടത്തിയത് 17-3-2017 തീയതിയിലാണ്. സാധാരണഗതിയിൽ അറ്റകുറ്റപ്പണികൾപോലുള്ള താരതമ്യേന വേഗം പൂർത്തിയാക്കാവുന്ന പ്രവൃത്തികൾക്ക് ദീർഘിച്ച കാലയളവ് കരാറുകാരന് അനുവദിക്കാറില്ല. പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ സമയം നീട്ടി ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ അസി എഞ്ചിനിയർ ശുപാർശയോടെ ഭരണസമിതി കരാർ കാലാവധി നീട്ടി നൽകിയതായോ കാണുന്നില്ല. ആയതിനാൽ കരാർ കാലാവധിക്കകം പ്രവൃത്തിപൂർത്തിയാക്കാത്ത പക്ഷം 2012-ലെ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112-1 ൽ നിർദ്ദേശിച്ച വിധം പി.എ.സി

തുകയുടെ 3% നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-16 സോളിംഗ് മാത്രം ചെയ്ത റോഡ് പ്രവൃത്തിയിൽ തുട വർഷങ്ങളിലും താറിംഗ് ഉൾപ്പെടുത്തിയില്ല

2016-17 കാലയളവിൽ താഴെപറയുന്ന റോഡ് പ്രവൃത്തികളിൽ സോളിംഗ് മാത്രം ചെയ്തതായി കാണുന്നു.

| ക്രമ നം. | പ്രവൃത്തികളുടെ വിശദവിവരം |
|---|---|
| 1 | പ്രൊജക്റ്റ് നം. എസ് 0069 /17<br>അടിച്ചിറമുക്ക് കരിമ്പാലക്കണ്ടി റോഡ് സോളിംഗ്- 290 മീറ്റർ<br>ബിൽ നം. 8 /16-17 തീയതി, 4-3-2017 ₹ 3,97,980<br>എം. ബുക്ക്- 10 / 16-17 |
| 2 | പ്രൊജക്റ്റ് നം. എസ് 0074 /17<br>ആനകുഴി ഒഴക്കത്തൊർക്കരി റോഡ് സോളിംഗ്- 170 മീറ്റർ<br>ബിൽ നം.- 15 / 16-17 തീയതി, 16-3-17 -₹ 1,59.000<br>ബിൽ നം. 18 / 16-17 തീയതി, 18-3-17 -₹ 34389<br>എം. ബുക്ക് -13 /16-17 |

സോളിംഗ് മാത്രം ചെയ്ത ഈ പ്രവൃത്തികളുടെ താറിംഗ് പ്രവൃത്തി തുടർ വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ 2017-18 വർഷത്തിലും ഈ പ്രവൃത്തികളുടെ താറിംഗ് നടത്തുന്നത് സംബന്ധിച്ച പ്രൊജക്റ്റുകൾ ഏറ്റെടുത്തിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ പ്രൊജക്റ്റിന്റെ ഭാഗമായി സോളിംഗ് നടത്തിയ റോഡ് പരിശോധിച്ചതിൽ ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ടും, വാഹനങ്ങളുടെ ആധിക്യംകൊണ്ടും നിലവിൽസോളിംഗ്ചെയ്ത ഭാഗത്തിന് നാശം സംഭവിക്കാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ സോളിംഗ് മാത്രം ചെയ്ത റോഡിന്റെ ടാറിംഗ് പ്രവൃത്തികൂടി സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് ഇതിനുപുറമെ സോളിംഗ് മാത്രമായി പ്രവൃത്തി ഏറ്റെടുക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | ലഭിച്ച | പ്രൊജക്റ്റിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|

| നൽകിയ സ്ഥാപനം | തുക | പേര് | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,ഇരിട്ടി | 150000 | ക്ഷീരകർഷകർക്ക് പാൽ ഉൽപ്പാദന ഇൻസെന്റീവ് | ഇല്ല | 150000 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്.മുൻവർഷങ്ങളിൽ ലഭിച്ച് ഇതുവരെയായി ചെലവഴിക്കാൻ ബാക്കിയായ ഫണ്ടുകൾ (അക്കൌണ്ടിലെ ബി 4 ഷെഡ്യൂൾ പ്രകാരം കാണിച്ചിട്ടുള്ളത്.) സർക്കാർ നിർദ്ദേശപ്രകാരം ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.സ്വീകരിച്ച നടപടികളുടെ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-17 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 23970371 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 22484674 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 293366 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 5000 | കെ.പി.സുധീർ, അസി.സെക്രട്ടറി |
| 3-4 | 75000 | ശ്യാമപ്രസാദ്.എസ്.എസ്,അസി.സെക്രട്ടറി |
| 3-9 | 191250 | സാജു ജോസഫ്.സെക്രട്ടറി |
| 3-10 | 22116 | കെ.പി.സുധീർ,അസി.സെക്രട്ടറി(സെക്രട്ടറിയുടെ ചുമതല) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | എൽ.എഫ്.കെ.എൻ.ആർ.ഡി.3/317 /12(4) തീയ്യതി:17.12.2012 | 1 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/1000 /12(5) തീയ്യതി:17.12.2012 | 2 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/1000 /12(6) തീയ്യതി:17.12.2012 | 3 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/1000 /12(7) തീയ്യതി:17.12.2012 | 2 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/1262/13) തീയ്യതി:06.09.2013 | 6 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/55/13 തീയ്യതി:03.09.2013 | 7 |
| 2009-10 | എൽ.എഫ്.കെ.എൻ.ആർ.ഡി.9/688/13 തീയ്യതി:19.09.2013 | 12 |
| 2010-11, 2011-12 | എൽ.എഫ്.കെ.എൻ.ആർ.ഡി.1/1000 /12(1) തീയ്യതി:17.12.2012 | 14 |
| 2012-13, 2013-14 | എൽ.എഫ്.കെ.എൻ.ആർ.ഡി.9/338/16 തീയ്യതി:05.04.2016 | 01 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ /സി.9-1443/16 തീയ്യതി: 09.08.2016 | 01 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ /സി.9-2021/16 തീയ്യതി: 03.01.2017 | 06 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ/സി.10/1642/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഫോൺ: 0497 2707698

ഇ.മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 13.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് ,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17

വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഡെപ്യൂട്ടി ഡയറക്ടർ

AUDIT CERTIFICATE

No. KSA/KNR/C.10/1642/2017

Kerala State Audit Department

District Audit Office,kannur,

Phone: 0497 2707698

E-Mail: doknr.ksad@kerala.gov.in

Date: 13.10.2017

Certified that I have audited the Annual Financial Statement of Thillankery Grama Panchayat in Kannur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Thillankery Grama panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

## അനുബന്ധം2

## ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ്

Thillankeri Grama Panchayath

Income & Expenditure statement

For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 1633201.00 |
| 130000000 | Rental Income from panchayath properties | 1-3 | 1500.00 |
| 140000000 | Fee &User charges | I-4(b) | 180239.00 |
| 150000000 | Sale &Hire Charges | I-5(b) | 43980.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 56621032.00 |
| 171000000 | Interest Earned | I-8 | 39515.00 |
| 180000000 | Other Income | I-9 | 36.00 |

| | | | |
|---|---|---|---|
| A | Total Income | | 58519503.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 6267479.00 |
| 220000000 | Administrative Expenses | I-11(b) | 409344.00 |
| 230000000 | Operations &Maintanance | I-12(b) | 329131.00 |
| 240000000 | Interest &Finance Charges | I-13 | 1036.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 4110688.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 22160483.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 425742.00 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 24468405.00 |
| 255000000 | Maintenance Projects | I-14(e) | 1283370.00 |
| 256000000 | Other Revenue Grants and Funds – Revenue Expenses | I-15(a) | 8700.00 |
| 272000000 | Depreciation | 1-17(a) | 2586149.00 |
| B | Total - Expenditure | | 62050527.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (3531024.00) |
| D=280000000 | Prior period Item | I-18 | (840708.00) |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br>Transfer to reserve funds | | (2690316.00) |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

Deputy Director

# അനുബന്ധം3

## റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ്

Thillankeri Grama Panchayat

Receipt And Payment Statement

For the period from 01-April 2016 to 31 March 2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 2852519.30 |
| | Cash | RP-40(a) | 103515.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 411800.00 |

| | | | |
|---|---|---|---|
| 130000000 | rental | | 1500.00 |
| 140000000 | Fees &User Charges | RP- 4 | 156989.00 |
| 150000000 | Sale &Hire Charges | RP- 5 | 43980.00 |
| 160000000 | Revenue Grants ,Funds,Contributions &Compensations | RP- 7 | 5498600.00 |
| 171000000 | Interest Earned | RP- 9 | 39515.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 16124264.00 |
| 350000000 | Other Liabilities | RP-36 | 126165.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 36.00 |
| 311000000 | Earmarked Funds | RP- 29 | 54340.00 |
| 340000000 | Deposits Received | RP- 34 | 64608.00 |
| 350000000 | Other Liabilities | RP-36 | 66692.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 1363882.00 |
| 460000000 | Loans,Advances and Deposits | RP- 47 | 18000.00 |

| | | | |
|---|---|---|---|
| Grand Total | | | 26926405.30 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 1975375.00 |
| 220000000 | Administrative Expenses | RP-12 | 409344.00 |
| 230000000 | Operatations &Maintanance | RP-13 | 325091.00 |
| 250000000 | Decentralised plan programme - Productive Sector | RP-15 | 1225450.00 |
| 251000000 | Decentralised plan programme - Service Sector | RP-16 | 7822194.00 |
| 252000000 | Decentralised plan programme - Infrastructure Sector | RP-17 | 425742.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 916040.00 |
| 255000000 | Maintanance Projects | RP-20 | 1283370.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 8700.00 |
| 350000000 | Other Liabilities | RP-36 | 3618418.00 |

| | | | |
|---|---|---|---|
| | | | |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 1036.00 |
| 340000000 | Deposits Received | RP-34 | 101590.00 |
| 350000000 | Other Liabilities | RP-36 | 1105531.00 |
| 410000000 | Fixed Assets | RP-38 | 1768748.00 |
| 412000000 | Capital Work In Progress | RP-40 | 1393045.00 |
| 460000000 | Loans,Advances and Deposits | RP-47 | 105000.00 |
| | Closing Balance | | |
| | Bank | RP-40(b) | 4419078.30 |
| | Cash | RP-40(b) | 22653.00 |
| Grand Total | | | 26926405.30 |

Deputy Director

# അനുബന്ധം4

## ബാലൻസ് ഷീറ്റ്

Thillankeri Grama Panchayat

Balance Sheet

As on 31 March 2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve &surplus | | |
| 310000000 | Panchayat Funds | B-1 | (4302136.20) |
| 311000000 | Earmarked Funds | B-2 | 63338.00 |
| 312000000 | Reserves | B-3 | 23856106.00 |

| | | | |
|---|---|---|---|
| | Total Reserve &surplus | | 19617307.80 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 3217498.50 |
| | Total Grants,Funds &Contributions for Specific Purposes | | 3217498.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 349592.00 |
| 341000000 | Deposits works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 512842.00 |
| | Total Current Liabilities and Provisions | | 862434.00 |

| | | | |
|---|---|---|---|
| | TOTAL LIABILIITIES | | 23697240.30 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 25471788.00 |
| 411000000 | Accumulated Depreciation | B-11 | (7073756.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 18398032.00 |
| | investments | | |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 857477.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 4441731.30 |
| 460000000 | Loans,Advances and Deposits | B-18 | 0.00 |
| | Total Current Assets,Loans and Advances | | 5299208.30 |

| | | | |
|---|---|---|---|
| | Total Assets | | 23697240.30 |

Deputy Director